"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ആർ ബി1/160/2021-തസ്വഭവ.
തദ്ദേശസ്വയംഭരണ(ആർ ബി) - വകുപ്പ്
തിരുവനന്തപുരം,
തീയതി: 17/01/2022.

## സർക്കുലർ

വിഷയം:- തസ്വഭവ- ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്മാരകങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നത്-മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:-

സൂചന:- 1.പുരാവസ്തു വകുപ്പ് ഡയറക്ടറുടെ, 23/1/2021 തീയതിയിലെ ARCDA/196/2019-A2 നം.കത്ത്

2.ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരത്തിന്റെ 24/10/2021 തീയതിയിലെ TCPCTP/ 1217/2021-E3(2) നമ്പർ കത്ത്.

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ നഗരസഭയുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പറവൂർ കച്ചേരി മന്ദിരങ്ങൾ ഉൾപ്പെടുന്ന പൈതൃക മാതൃകയുടെ , ചരിത്രപ്രാധാന്യം കണക്കിലെടുത്ത് അവയെ അതേപടി നിലനിർത്തുകയും, അവിടെ ഭാവിയിൽ നടത്തുന്ന വികസന പദ്ധതികളോ/ നിർമ്മാണ പ്രവർത്തനങ്ങളോ നിലവിലുള്ള പുരാതനമായ നിർമ്മാണങ്ങളുടെ ഘടനയ്ക്ക് അനുപൂരകമായി നടത്തേണ്ടതാണെന്നും, ടി വിഷയം ആർട്ട് & ഹെറിറ്റേജ് കമ്മീഷനുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കണമെന്നും പുരാവസ്തു വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം ആർട്ട്&ഹെറിറ്റേജ് കമ്മീഷൻ പരിശോധിക്കുകയും, ചരിത്ര പ്രാധാന്യമുള്ള കെട്ടിട സമുച്ചയം എന്ന നിലയിൽ ടി പറവൂർ കച്ചേരി മന്ദിരങ്ങൾ അതേ പടി നിലനിർത്തേണ്ടത് അനിവാര്യമാണെന്നും, ടി കെട്ടിടം നിലനിൽക്കുന്ന ക്യാംപസ്സിൽ ഏതെങ്കിലും പുതിയ നിർമ്മാണ പ്രവർത്തനങ്ങളോ/അറ്റകുറ്റപ്പണികളോ നടത്തുവാൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ ആയതിനായി ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്നും തീരുമാനിക്കുകയും,അതു പ്രകാരം നോർത്ത് പറവൂർ നഗരസഭാ സെക്രട്ടറിയ്ക്ക് ആവശ്യമായ നിർദ്ദേശവും നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ഇത്തരത്തിൽ ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് അവയുടെ ചരിത്രസ്വഭാവം നഷ്ടപ്പെടുത്തുന്ന തരത്തിൽ അറ്റകുറ്റപ്പണികളോ, ടി പരിസരത്ത് പുതുതായി നിർമ്മാണ പ്രവൃത്തികളോ നടത്താതിരിക്കുന്നതിനായി ഒരു പൊതുവായ നിർദ്ദേശം പുറപ്പെടുവിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നിലനിൽക്കുന്ന ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്മാരകങ്ങൾ എന്നിവ അവയുടെ തനിമയോടെ സംരക്ഷിച്ച് നിലനിർത്തുവാനും, അവയുടെ പരിസരത്ത് ഏതെങ്കിലും, പുതിയ നിർമ്മാണങ്ങൾ/ നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നത് സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശം പാലിക്കുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

2.സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരപരിധിക്കുള്ളിൽ നിലനിൽക്കുന്ന ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്മാരകങ്ങൾ പൈതൃക മാതൃകകൾ എന്നിവയുടെ തനിമ, നിലവിലെ അവസ്ഥയിൽ സംരക്ഷിച്ച് നിലനിർത്തുന്നതിനായി, ഇത്തരം ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്മാരകങ്ങൾ പൈതൃക മാതൃകകൾ എന്നിവ നിലനിൽക്കുന്ന ക്യാംപസ്സിനുള്ളിൽ ഭാവിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ/നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, 2011, ചാപ്റ്റർ XXIV, ചട്ടം 145, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, ചാപ്റ്റർ XXII, ചട്ടം 103 പ്രകാരം രൂപീകരിച്ച ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ,തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്), തിരുവനന്തപുരം.

ഡയറക്ടർ, പുരാവസ്തു വകുപ്പ്, സുന്ദരവിലാസം പാലസ്,
ഫോർട്ട്.പി.ഒ,തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്
കോർപ്പറേഷൻ.

പഞ്ചായത്ത് നഗരക്ടർ,തിരുവനന്തപുരം.(സർക്കുലറിന്റെ പകർപ്പ് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിനായി)

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.(സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും നൽകുന്നതിനായി)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും(പഞ്ചായത്ത് ഡയറക്ടർമുഖേന) എല്ലാ ടൗൺ പ്ലാനർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

വെബ് & ന്യൂ മീഡിയ സെന്റർ, I& PRD.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്-1.ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2.അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പിന്റെ പിഎസ്സിന്.

3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി,(അർബൻ)ന്റെ പി എസ്സിന്.

4. ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്.

5. സാംസ്കാരിക കാര്യ(ബി) വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Suja S K
സെക്ഷൻ ഓഫീസർ Date: 19-01-2022 11:51:15
Reason: Approved